ॐ



## ഏതേ ചാംശകലാ: പുംസ: കൃഷ്ണസ്തു ഭഗവാൻ സ്വയം
## ഇന്ദ്രാരിവ്യാകുലം ലോകം മൃഡയന്തി യുഗേ യുഗേ (1–3–28)

സൂതൻ പറഞ്ഞു:
പ്രിയപ്പെട്ട ഋഷിവര്യരേ, ആ പരമാത്മവിശ്വബോധം അപ്രകടിതമായസ്ഥിതിയിൽനിന്നും സ്വയം പ്രകാശിതമാകാൻ തീരുമാനിച്ചപ്പോൾ വിശ്വപുരുഷനുണ്ടായി. ആ പുരുഷനാകട്ടെ പതിനാറു കലകളുണ്ട്: പത്തിന്ദ്രിയങ്ങളും അഞ്ച് ഭൂതങ്ങളും മനസ്സും. ഇതോടൊപ്പംതന്നെ മറ്റനേകം രൂപങ്ങളും ഉത്ഭൂതമായി: മനുഷ്യർ, മൃഗങ്ങൾ, അതിമാനുഷർ, വൃക്ഷലതാദികൾ, ധാതുക്കൾ തുടങ്ങിയവ. അങ്ങിനെ വിശ്വപുരുഷന് അനേകംതലകളും കണ്ണുകളും കാലുകളും കൈകളും വായ്കളും ഉണ്ടെന്നു പറയപ്പെടുന്നു. അനന്തതയിൽനിന്നും ഉത്ഭവിച്ച ഈ പ്രകടിതാവസ്ഥകൾക്കുശേഷവും അനന്തത അങ്ങിനെത്തന്നെ അവശേഷിച്ചു. വളരെച്ചെറിയ ഒരംശം മാത്രമേ വിശ്വനിർമ്മിതിക്കായി ഉപയോഗിക്കപ്പെട്ടുള്ളു.

ഭഗവാൻ നാരായണൻ വിശ്വനിർമ്മിതിയുടെ ദിവ്യലക്ഷ്യം പൂർണ്ണമാക്കാൻ പലതവണ സ്വയം ഇറങ്ങി വന്നു. അങ്ങിനെയുള്ളചില അവതാരങ്ങളെക്കുറിച്ചു കേട്ടാലും. സനത്കുമാരന്മാർ (പരമാത്മബോധമാർജ്ജിച്ച നാലുസഹോദരന്മാർ), ദിവ്യനായവരാഹം (ഭൂമിയെ രക്ഷിച്ചുപൊന്തിച്ച മൃഗം), നാരദൻ (ഭക്തിസൂത്ര കർത്താവായ സന്യാസിവര്യൻ), ദിവ്യതപസ്സിൻെറ പ്രണേതാക്കളായ നരനാരായണന്മാർ, ആദ്യത്തെ ഭൗതികശാസ്ത്രജ്ഞനായ കപിലമുനി, ആത്മജ്ഞാനവിജ്ഞാനത്തിൻെറ ആദിവ്യാഖ്യാതാവായ ദത്താത്രേയൻ, ശ്രേഷ്ടരായ പരമഹംസാചാര്യന്മാരിൽ അഗ്രഗണ്യനായ ഋഷഭദേവൻ, ഭൂമിയെ ഫല പുഷ്പങ്ങൾകൊണ്ടുനിറച്ച പൃഥു, ഭൂമിയെ പ്രളയത്തിൽനിന്നും കരകയറ്റിയ മത്സ്യാവതാരം, ദിവ്യാമൃതിൻെറ നിർമ്മിതിക്കുസഹായിച്ച കൂർമ്മാവതാരം, ആ ദിവ്യാമൃതുമായി പ്രത്യക്ഷനായ ധന്വന്തരിമുനി, അസുരന്മാരിൽനിന്നും അമൃതുരക്ഷിച്ചു ദേവകൾക്കുനല്കിയ മോഹിനി, ഹിരണ്യകശിപുവിനെഹിംസിച്ച നരസിംഹാവതാരം, കുള്ളനായിവന്ന് മഹാബലിക്കു മോക്ഷംനൽകിയ വാമനാവതാരം, ദുഷ്ടരാജാക്കൻ മാരെക്കൊന്ന് ധർമ്മരക്ഷനൽകിയ പരശുരാമാവതാരം, വേദപുരാണേതിഹാസങ്ങളുടെ കർത്താവായ വ്യാസഭഗവാൻ, മര്യാദാപുരുഷോത്തമനായ ശ്രീരാമചന്ദ്രൻ, ധർമ്മസംസ്ഥാപകരായ ശ്രീകൃഷ്ണനും ബലരാമനും, ദിവ്യബോധോദയം കൈവരിച്ച ബുദ്ധഭഗവാൻ, എന്നിവരും കലിയുഗാന്ത്യത്തിൽ വരാൻ പോവുന്നകൽക്കിയും ഭഗവാൻെറ അവതാരങ്ങളത്രേ. ഇവരെക്കൂടാതെ അസംഖ്യം ഋഷിമുനിമാരും ഭഗവാൻെറ അവതാരങ്ങൾതന്നെ. ഇവയെല്ലാം ആ ദിവ്യസത്തിൻെറ പ്രകാശകണികകൾ മാത്രമത്രെ. എന്നാൽ ശ്രീകൃഷ്ണനാകട്ടെ ആ പരമാത്മാവുതന്നെയാണ്. എല്ലാ അവതാരങ്ങളും വെളിച്ചത്തിൻെറശക്തികളെ ഇരുട്ടിൽനിന്നും സംരക്ഷിക്കാനായി പ്രത്യക്ഷപ്പെട്ടവയത്രെ. ഈ കാര്യത്തെ ദിവസേന രാവിലെയും വൈകുന്നേരവും ചിന്തിച്ചുറപ്പിക്കുന്ന ഒരുവൻ എല്ലാവിധദു:ഖങ്ങളിൽനിന്നും മോചിതനാകുന്നു.

എങ്കിലും മഹാമുനിമാരേ, പരമാത്മാവ് ജനിച്ചു, ജീവിച്ചു, മരിച്ചു, എന്നെല്ലാംപറയുന്നത് സർവ്വാബദ്ധ മായിരിക്കും. എന്തെന്നാൽ അനന്തത അങ്ങിനെത്തന്നെനിലനിൽക്കുന്നു. ആകാശത്തിലെ മേഘങ്ങൾ ആകാശത്തിൻെറ വലുപ്പത്തെ ബാധിക്കാത്തതുപോലെയത്രെ അത്. സൃഷ്ടികർമ്മങ്ങൾ ഭഗവാൻെറ ലീലാവിലാസങ്ങൾ എന്നു പറയപ്പെടുന്നു. അവിടുത്തേയ്ക്ക് ഒന്നിൻേറയും കുറവില്ല. ഒന്നിൻെറയും ആവശ്യമില്ല. അവിടുന്ന് യാതൊന്നിനായും ആഗ്രഹിക്കുന്നുമില്ല. ഇതു വെറും ലീലകൾ മാത്രം. എങ്കിലും വെളിച്ചത്തിൻെറ ദിവ്യശക്തികളെ പരിരക്ഷിക്കുക എന്നൊരുലക്ഷ്യം ഇതിനുണ്ട്. ആ താമരക്കാലടികളിൽ സ്വയംസമർപ്പിച്ചവർക്കുമാത്രമേ ഈ വിരുദ്ധങ്ങളായ, വൈവിദ്ധ്യമേറിയ, അവതാരപ്രാഭവത്തെയും, മാസ്മരികതയെയും മനസ്സിലാക്കാൻ സാധിക്കൂ. ദിവ്യസുകൃതികളേ, ഈ അവതാരകഥകൾ ഞാൻ ശുകദേവനിൽനിന്നും ഗ്രഹിച്ചിട്ടുള്ളവയാണ്. ശുകദേവനാകട്ടെ അദ്ദേഹത്തിൻെറ അച്ഛൻ വ്യാസഭഗവാൻ പരീക്ഷിത്ത് രാജാവിനോടു കഥപറയുന്നതു കേട്ടു മനസ്സിലാക്കി. അപ്പോൾ പരീക്ഷിത്ത് മരണശിക്ഷയും കാത്തുകിടക്കുകയായിരുന്നല്ലോ.